# The Ministry of Human Empowerment
# Catholicate Aramana, Devalokam P.O, Kottayam
# Pin : 686004
## Educational Special Scholarship (ESS) - 2026
### *അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ*

1. **സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥികൾക്കാണ് ഈ സ്കോളർഷിപ്പ് നൽകുന്നത്.** ഒരു കുടുംബത്തിൽ നിന്ന് ഒരു കുട്ടി മാത്രമേ അപേക്ഷ സമർപ്പിക്കാവൂ.

(a) +1, +2 തലത്തിൽ പഠിക്കുന്നവർക്ക് പത്താം ക്ലാസ്സിൽ കുറഞ്ഞത് 90% മാർക്കും ഉണ്ടായിരിക്കണം

(b) ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് Plus 2 - ൽ കുറഞ്ഞത് **80%** മാർക്ക് ഉണ്ടായിരിക്കണം.

(c) ഡിപ്ലോമ /ഡിഗ്രി തലത്തിൽ മറ്റ് വർഷങ്ങളിൽ പഠിക്കുന്നവർക്ക് തൊട്ട്മുമ്പ് നടന്ന സെമസ്റ്റർ/വാർഷിക പരീക്ഷയിൽ കുറഞ്ഞത് **70%** മാർക്കും ഉണ്ടായിരിക്കണം.

(d) **പി.ജി. തലത്തിലുള്ളവർ അപേക്ഷിക്കേണ്ടതില്ല.**

2. അപേക്ഷാ ഫോമിലെ എല്ലാ കോളവും പൂർണ്ണമായി പൂരിപ്പിച്ചിരിക്കണം. പൂരിപ്പിക്കുമ്പോൾ കഴിവതും Capital letters ഉപയോഗിക്കുക. വെട്ടിത്തിരുത്തലുകൾ കൂടാതെ വ്യക്തമായും വായിക്കാവുന്ന രീതിയിലും ഓരോ കോളവും പൂരിപ്പിക്കേണ്ടതാണ്.

3. പാസ്പോർട്ട് സൈസ് ഫോട്ടോ നിർദ്ദിഷ്ട സ്ഥാനത്ത് പതിച്ചിരിക്കണം.

4. CGPA / SGPA / ഗ്രേഡ് എന്നീ രീതിയിൽ മാർക്ക് ലഭിച്ചിട്ടുള്ളവർ അതിനെ ശതമാനക്കണക്കിലാക്കി എഴുതേണ്ടതാണ്. (ഉദാ :70%, 80%, 90% etc..) അത് കൃത്യവും സത്യസന്ധവുമായിരിക്കണം. അല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

5. കുറഞ്ഞ വരുമാനമുള്ളവർ, ഭൂരഹിതർ, ഭവനരഹിതർ തുടങ്ങിയ കുടുംബങ്ങളിലെ കുട്ടികൾക്ക് മുൻഗണന. (ഇക്കാര്യങ്ങൾ വ്യക്തമാക്കുന്ന രേഖകൾ ഉൾപ്പെടുത്തണം)

6. അഡ്രസ്സ്, ഫോൺ നമ്പർ ഇവ വ്യക്തമായി എഴുതിയിരിക്കണം. (സാധിക്കുമെങ്കിൽ രണ്ട് ഫോൺ നമ്പരുകൾ ഉൾപ്പെടുത്തണം വിളിച്ചാൽ ലഭിക്കുന്ന ഫോൺ നമ്പറേ എഴുതാവൂ)

7. കുട്ടിയുടെ അച്ഛനോ അമ്മയോ രണ്ടുപേരുമോ മരണപ്പെട്ടിട്ടുള്ളതാണെങ്കിൽ 11, 12 കോളങ്ങളിൽ അത് വ്യക്തമായി കാണിക്കണം.

### *സമർപ്പിക്കേണ്ട രേഖകൾ*

a. **ഏറ്റവും ഒടുവിൽ എഴുതിയ രണ്ടു പരീക്ഷകളുടെ മാർക്ക്ലിസ്റ്റ് കോപ്പി** (ഏറ്റവും ഒടുവിൽ എഴുതിയ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് കിട്ടിയിട്ടില്ല എങ്കിൽ അക്കാര്യം കുട്ടിയുടെ self appraisal ൽ പ്രത്യേകം എടുത്തു പറയുകയും അതിനു മുമ്പ് പാസ്സായ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് വയ്ക്കുകയും വേണം.)

P.T.O

b. ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിലെ അദ്ധ്യാപകൻ/ഇടവകവികാരി/ വാർഡ്മെമ്പർ ഇവരിൽ ആരുടെയെങ്കിലും ശുപാർശക്കത്ത്. (ക്രിസ്തീയ വിഭാഗത്തിൽപ്പെട്ട വർ ഇടവക വികാരിയുടെ ശുപാർശക്കത്താണ് സമർപ്പിക്കേണ്ടത്.)

c. Self Appraisal Form ൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും അതിൽ എഴുതേണ്ട താണ്.

d. 2026 - 2027 അദ്ധ്യയന വർഷത്തെ Bonafide certificate / Admission proof / Course certificate ഇവയിൽ ഏതെങ്കിലും ഒന്ന് സമർപ്പിക്കേണ്ടതാണ്.

e. കുട്ടിയുടെ ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാം പേജ് കോപ്പി.

f. വരുമാന സർട്ടിഫിക്കറ്റിന്റെ കോപ്പി.

g. സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയെ സാധൂകരിക്കുന്ന മറ്റെന്തെങ്കിലും രേഖകൾ ഉണ്ടെങ്കിൽ അവയും വയ്ക്കേണ്ടതാണ്.

8. അപേക്ഷാ ഫോമും, Self appraisal format ഉം, മാർഗ്ഗനിർദ്ദേശങ്ങളും **https://mosc.in (download section) എന്ന സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.**

**9. പൂരിപ്പിച്ച ഒറിജനൽ അപേക്ഷ സമർപ്പിക്കേണ്ട കേന്ദ്രങ്ങൾ:**

(a) മുൻഗണനാ ഭദ്രാസനങ്ങൾ **(ബ്രഹ്മവാർ, മലബാർ, ബത്തേരി, തൃശ്ശൂർ, അങ്കമാലി, ഇടുക്കി, നിലയ്ക്കൽ)** അതത് ഭദ്രാസനങ്ങളിലെ Ministry of Human Empowerment വിഭാഗത്തിൽ

(b) കോട്ടയം ഭദ്രാസനം: പാമ്പാടി ദയറാ.
(c) പീരുമേട് MBCകോളേജ് വിദ്യാർത്ഥികൾ: കോളേജ് ഓഫീസ്

(d) മറ്റ് ഭദ്രാസനങ്ങളിൽ ഉള്ളവർ Ministry of Human Empowerment കേന്ദ്ര ഓഫീസ്, ദേവലോകം കാതോലിക്കേറ്റ് അരമന, കോട്ടയം

**സമർപ്പിക്കേണ്ട അവസാന തീയതി 2026 ഓഗസ്റ്റ് 31.** പൂരിപ്പിച്ച ഒറിജിനൽ അപേക്ഷയും ആവശ്യമായ രേഖകളും നിശ്ചിത കേന്ദ്രങ്ങളിൽ യഥാസമയം സമർപ്പിക്കുക. അപൂർണ്ണമായതോ വൈകി ലഭിക്കുന്നതോ ആയ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

---

**Kottayam**
**1st August 2026**

**Fr. P.A. Philip**
**Deputy Secretary**

*The Ministry of Human Empowerment / Malankara Orthodox Syrian Church/ Devalokam P.O, Kottayam - 686004, Phone: 0481 - 2578500, 9400196382, Email : hrm@mosc.in*